
അരുണോദയം

# അരുണോദയത്തിലെ വിസ്മയ കാഴ്ചകൾ

1.സ്കൂളിന്റെ വളർച്ച- ലേഖനം
2.ആശംസ – സ്കൂൾ മാനേജർ
3.ആശംസ – സ്കൂൾ ഹെഡ്മാസ്റ്റർ
4.എന്റെ മുല്ല – കവിത
5.കൊല്ലക്കാരൻ ചെല്ലപ്പൻ – കവിത
6.കൊറോണാ വാക്സിൻ – കഥ
7.തത്തമ്മയോട്
8.ഒരു പള്ളിപ്പെരുന്നാൾ– തുടർകഥ
9.പൂവിനോട് – കവിത
10.ഭക്ഷണത്തിന് യുദ്ധം – ചെറുകഥ
11.വായനയുടെ പ്രസക്തി –ലേഖനം
12.സന്ധ്യ – കവിത
13.സ്വതന്ത്ര ഭാരതം – കവിത
14.ചിതറിയ ചിന്തകൾ
15.കൗതുക വാർത്തകൾ
16.ശാസ്ത്ര ക്വിസ്സ്
17.നാടകത്തിൽ പങ്കു ചേർന്നപ്പോൾ
18.കടങ്കഥകൾ
19.ലിറ്റിൽ കൈറ്റ്സ് ക്യാമ്പുകൾ– അനുഭവകുറിപ്പ്
20.ഊട്ടും പാട്ടും (കവിത) – അനീറ്റ
21.ഗ്രോ ബാഗ് പരിപാലനം
22.ബോധവൽക്കരണ ക്ലാസ്സ്
23.മാതൃസ്നേഹം (കവിത) – ആൽബർട്ട് രഞ്ജിത്ത്
24.കായിക രംഗം
25.രാജ്യപുരസ്കാർ അവാർഡിന് അർഹരായവർ
26.അഭിമാനാർഹമായ നേട്ടം
27.കുഞ്ഞേ നിനക്കായി – പ്രശാന്ത് സാർ നയിക്കുന്നു
28.കൊതിയൂറും വിഭവങ്ങൾ
29.റെഡ്ക്രോസ് സംഘടന പ്രവർത്തനങ്ങൾ
30.കുട്ടികൾ വരച്ച ചിത്രങ്ങൾ
31.പാടത്തേയ്ക്ക് ഒരു യാത്ര
32.ഗപ്പി മീൻ ഉദ്ഘാടനം,സ്കൂൾ വാർഷികം
33.പൊതിച്ചോറ് വിതരണം
34.പ്രതിഭകളെ ആദരിക്കൽ
35.ബോധവൽക്കരണ ക്ലാസ്സുകൾ
36.സമ്മാനാർഹമായ ശാസ്ത്ര മാസിക
37.T.D Vaccination
38.ധ്യാന പരിപാടികൾ
38.നന്ദിയുടെ ഒരു വാക്ക്




മാനത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഈ നാടിന്റെ കെടാവിളക്കായി പ്രശോഭിക്കുന്നു.LKG മുതൽ 10 വരെ ക്ലാസ്സുകളിലായി ധാരാളം കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.

## SSLC പരീക്ഷാഫലം

2023 മാർച്ചിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളും വിജയിച്ചു.തുടർച്ചയായി 100%വിജയം നേടാൻ സാധിച്ചതിൽ എല്ലാവർക്കും എല്ലാവർക്കും സന്തോഷമുണ്ട്.

## അധ്യാപക രക്ഷാകർതൃസംഘടന

ജൂൺ അവസാനത്തോടെ സ്കൂൾ ഹാളിൽ വച്ച് PTA പൊതുയോഗം നടന്നു.കോട്ടയം ശിശുക്ഷേമസമിതി അംഗമായ സി.അഡ്വ.ജ്യോതിസ് S.D രക്ഷിതാക്കൾക്ക് ഇന്നത്തെ കുട്ടികൾ വഴിതെറ്റാതെ ജീവിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ എന്നതിനെക്കുറിച്ച് ബോധവൽക്കരണം നടത്തി.യോഗം സ്കൂൾ മാനേജർ റവ.ഫാ.കുര്യൻ കോട്ടയിൽ ഉദ്ഘാടനം ചെയ്തു. PTA പ്രസിഡന്റ് ശ്രീ.സോണി അലക്സ് അധ്യക്ഷത വഹിച്ചു.



## സെൽഫ് ഡിഫൻസ് പരിശീലന ക്ലാസ്സ്

മാനത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ പെൺകുട്ടികൾക്ക് സെൽഫ് ഡിഫൻസ് പരിശീലന ക്ലാസ്സ് ആരംഭിച്ചു.രാമപുരം ISHO ശ്രീ രാജേഷ് K.N പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.ലിംഗസമത്വത്തി ലേക്കുള്ള ഒരു വലിയ കാൽവെയ്പാണ് ഈ പരിശീലനം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഡോ.ഷാജി.S.കൊട്ടാരം (കരാട്ടെ കേരള അസോസിയേഷൻ ചെയർമാൻ) ആണ് പരിശീലകൻ.



## മെരിറ്റ് ഡേ

മെരിറ്റ് ഡേ നടത്തി SSLC പരീക്ഷയിൽ 100%വിജയം നേടിയ കുട്ടികളെ അനുമോദിച്ചു.സ്കോളർഷിപ്പുകളും മെമന്റോയും വിതരണം ചെയ്തു.റവ.ഫാ.ജോസ് കോട്ടയിൽ അധ്യക്ഷനായിരുന്നു.

## പരിസ്ഥിതി ദിനാചരണം

ജൂൺ 5 പരിസ്ഥിതി ദിനമായി ആചരിച്ചു.എല്ലാ വിഭാഗത്തിലേയും കുട്ടികളെ ഉൾപ്പെടുത്തി വിവിധ മൽസരങ്ങൾ നടത്തി. ധാരാളം കുട്ടികൾ പങ്കെടുത്തു.വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.



## വായനാദിനം,വിദ്യാരംഗം,കലാസാഹിത്യവേദി ഇവയുടെ ഉദ്ഘാടനം

ജൂൺ 19 വായനാദിനമായി ആചരിച്ചു.കുട്ടികൾ വായനാദിന പ്രതിജ്ഞയെടുത്തു.വായനമാസാചരണത്തിന്റെ ഭാഗമായി കഥാരചന,കവിതാരചന,ഉപന്യാസരചന,ക്വിസ്സ്,ചിത്രരചന,വായന,പ്രസംഗം,പദ്യപാരായണം, വിവിധ കവികളെ പരിചയപ്പെടൽ എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു.കുട്ടികൾ സ്കൂളിന് സമീപം സ്ഥിതി ചെയ്യുന്ന ജയ്ഹിന്ദ് പബ്ലിക് ലൈബ്രറി സന്ദർശിച്ചു.വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനം പ്രസിദ്ധ എഴുത്തുകാരൻ ശ്രീ.ജോർജ്ജ്

### സ്റ്റാഫിന്റെ സ്ഥലം മാറ്റം

ഈ സ്കൂളിൽ 297 കുട്ടികൾ പഠിക്കുന്നു.17 അധ്യാപകരും 4 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു.ശ്രീ.ബേബി മൈക്കിൾ ആണ് പ്രധാന അധ്യാപകൻ.ഗണിത അധ്യാപകനായിരുന്ന ശ്രീ.പ്രവീൺ സാറിന്റെ ഒഴിവിലേയ്ക്ക് ശ്രീമതി.ഡിനു P.നിയമിതയായി.സി.ബീന ജോണിന്റെ ഒഴിവിലേയ്ക്ക് സി.ജോമോൾ നിയമിതയായി.

### ലഹരിവിരുദ്ധ സെമിനാർ

കുട്ടികളിൽ വർധിച്ചു വരുന്ന ലഹരിവസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ചും അതിന്റെ ദോഷഫലങ്ങളെക്കുറിച്ചും ക്ലാസ്സുകളും സെമിനാറുകളും നടത്തപ്പെട്ടു.മാതാപിതാക്കളും ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് യുവതലമുറയെ രക്ഷിക്കുവാൻ അധ്യാപകർ പ്രതിജ്ഞാബദ്ധരാകണമെന്ന് സെമിനാറിൽ അഭിപ്രായം ഉണ്ടായി.ലഹരിവിരുദ്ധ പ്രതിജ്ഞ,ചിത്രരചനാമൽസരം,പോസ്റ്റർ നിർമ്മാണം എന്നിവയും ഉണ്ടായിരുന്നു.കുട്ടികളും അധ്യാപകരും ചേർന്ന് ലഹരിവിരുദ്ധ ചങ്ങല തീർത്തു.

### പഠനയാത്ര

ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് മൈസൂർ,കൂർഗ് എന്നീ സ്ഥലങ്ങളിലേയ്ക്ക് പഠനയാത്ര നടത്തി.LKG,UKG കുട്ടികളെയും അവരുടെ അധ്യാപകരുടെ നേതൃത്വത്തിൽ പഠനയാത്ര ഉണ്ടായിരുന്നു.UP വിഭാഗം കുട്ടികൾക്ക് ഒരു ദിവസത്തെ യാത്രയാണ് സംഘടിപ്പിച്ചത്.

### ഗണിതശാസ്ത്ര പ്രവൃത്തിപരിചയ മേള

ഇടനാട് സ്കൂളിൽ വച്ച് നടന്ന വിവിധ മത്സരങ്ങളിൽ ഈ സ്കൂളിൽ നിന്നും കുട്ടികൾ പങ്കെടുത്തു.സമ്മാനങ്ങൾക്ക് അർഹരായവരെ പ്രത്യേകം അഭിനന്ദിച്ചു.ട്രോഫികൾ വിതരണം ചെയ്തു.



### ജർമ്മൻ ഭാഷാ പഠനം

ഉയർന്ന ജോലി സാധ്യതയെ മുന്നിൽ കണ്ട് ഈ വർഷം ജർമ്മൻ ഭാഷ കുട്ടികളെ പരിശീലിപ്പിക്കാൻ തീരുമാനിച്ചു.ഈ വിഷയത്തിൽ വിദഗ്ദനായ ഒരു വൈദികന്റെ സേവനമാണ് പ്രയോജനപ്പെടുത്തിയത്.ധാരാളം കുട്ടികൾ ഈ കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

### യോഗ ക്ലാസ്സ്

കടനാട് ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന യോഗ ക്ലാസ്സിന് നമ്മുടെ സ്കൂൾ വേദിയാകുന്നു. 6,7ക്ലാസ്സിലെ കുട്ടികൾക്കാണ് യോഗ പരിശീലനം നൽകുന്നത്.ആഴ്ച്ചയിൽ ഒരിക്കൽ ക്ലാസ്സ് നടത്തപ്പെടുന്നു.



### കീബോർഡ് ,ഡാൻസ് പരിശീലനം

ഈ സ്കൂളിലെ കുട്ടികളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി കീബോർഡ്,ഡാൻസ് പരിശീലനം,നീന്തൽ പരിശീലനം എന്നിവയും നടത്തിവരുന്നു.സ്കൂൾ വാർഷികത്തിൽ കീബോർഡ് വായന,ഡാൻസ് അരങ്ങേറ്റം എന്നിവ നടത്തപ്പെട്ടു.



## ദിനാചരണങ്ങൾ

### സ്വാതന്ത്ര്യദിനം

8.30ന് പതാക ഉയർത്തപ്പെട്ടു.തുടർന്ന് പൊതുസമ്മേളനം.സ്കൂൾ മാനേജർ,ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

### കർഷകദിനം

ചിങ്ങം ഒന്നിന് കർഷകദിനം ആചരിച്ചു.സ്കൾ ഉച്ചഭക്ഷണ പദ്ധതിയുടെ ആവശ്യത്തിനായി സ്കൂൾ മുറ്റത്ത് ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി ആരംഭിച്ചു.മുളക്,വഴുതന,വെണ്ട,ചീര,തക്കാളി തുടങ്ങി നിരവധി ഇനം പച്ചക്കറികൾ കൃഷി ചെയ്തു വരുന്നു.

### ഓണാഘോഷം

PTAയുടെ സഹായത്തോടെ ഓണസദ്യയും ഓണപ്പായസവും കുട്ടികൾക്ക് നൽകി.മാവേലിമന്നൻ, മലയാളിമങ്ക,പൂക്കളമത്സരം,കസേരകളി,വടംവലി, സൈക്കിൾ സ്ലോറൈസ് മുതലായ മത്സരങ്ങൾ നടത്തി.




### ശിശുദിനം

ശിശുദിനറാലി നടത്തി.കുട്ടികളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു.പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷാ രാജു,ജനപ്രതിനിധികൾ,PTA ഭാരവാഹികൾ മുതലായവർ പങ്കെടുത്തു.വാർഡ് മെമ്പർ ശ്രീമതി റീത്താമ്മ ജോർജജ്,ജിജി തമ്പി എന്നിവർ ഷട്ടിൽ ബാറ്റുകൾ സംഭാവന ചെയ്തു.




# വിവിധ ക്ലബ്ബുകൾ

## ഹെൽത്ത് &നേച്ചർ ക്ലബ്

പരിസ്ഥിതി സംരക്ഷണത്തിലൂടെ ആരോഗ്യം എന്ന ലക്ഷ്യം മുന്നിൽ കണ്ട് സ്കൂളിൽ ഹെൽത്ത് ക്ലബ്,
നേച്ചർ ക്ലബ് എന്നിവ പ്രവർത്തിക്കുന്നു.സ്കൂൾ പരിസരം വൃത്തിയാക്കുന്നതിന്റെ ഭാഗമായി പൂന്തോട്ടം നിർമ്മിച്ചു.





## റെഡ് ക്രോസ് സംഘടന

വിദ്യാർത്ഥികളിൽ സേവനമനോഭാവം വളർത്തിയെടുക്കുന്നതിനായി റെഡ്ക്രോസിന്റെ ഒരു യൂണിറ്റ് സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.സംസ്ഥാനതല പരീക്ഷയിൽ കുട്ടികൾ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹത നേടി. റെഡ്ക്രോസ് അംഗങ്ങൾക്ക് ഏകദിന സെമിനാർ നടത്തി. പാലിയേറ്റീവ് കെയർ,First Aid,കിടപ്പുരോഗികളുടെ പരിചരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.ട്രാഫിക് റൂൾസ്,Physical & Mental Health തുടങ്ങിയ വിഷയങ്ങളെ കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി.




## സ്കൗട്ട് & ഗൈഡ്

കുട്ടികളിൽ അച്ചടക്കവും പൗരബോധവും സേവനതല്പരതയും വളർത്തുന്നതിനായി സ്കൗട്ട് & ഗൈഡ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.ഈ ക്ലബിന്റെ ആഭിമുഖ്യത്തിൽ രണ്ടു ദിവസത്തെ ക്യാമ്പ് സ്കൂളിൽ വച്ച് നടത്തി.
ഗവ.ഹോമിയോ ഡിസ്പെൻസറിയിലെ ഡോക്ടർ സിമി ഹൈസ്കൂൾ ക്ലാസ്സുകളിലെ പെൺകുട്ടികൾക്കായി Adolescent Health എന്ന വിഷയം അടിസ്ഥാനമാക്കി ബോധവൽക്കരണ ക്ലാസ്സ് നയിച്ചു.



## ലിറ്റിൽ കൈറ്റ്സ്

ഈ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു.മികവ് തെളിയിച്ച കുട്ടികൾക്ക് തുടർപരിശീലനം
ത നൽകിവരുന്നു.വിവരസാങ്കേതിക വിദ്യയുടെ വിശാലമായ ലോകത്തേക്ക് പ്രവേശിക്കു വാൻ ഈ ക്ലബിന്റെ പ്രവർത്തനങ്ങൾ കുട്ടികളെ സഹായിക്കുന്നു.Freedom Fest എന്ന പേരിൽ ഒരാഴ്ചയോളം നടത്തപ്പെട്ട പ്രവർത്തനങ്ങളിൽ നിരവധി കുട്ടികൾ പങ്കെടുത്തു.



## ഇതര പ്രവർത്തനങ്ങൾ



കേരളപ്പിറവി



പൊതിച്ചോറ് വിതരണം

# ആശംസ

മാനത്തൂർ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിഭാഗത്തിലെ കുട്ടികളുടെ ചിരകാല അഭിലാഷം ആയിരുന്ന ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക എന്നത്. അരുണോദയം എന്ന പേരിൽ കുട്ടികളുടെ രചനകൾ കോർത്തിണക്കി ഈ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്.നാളുകളായി കുഞ്ഞുമനസ്സിൽ മൊട്ടിട്ട ആശയങ്ങളുടെ ആവിഷ്കാരമാണ് അരുണോദയത്തിലെ ഉൾപേജുകളിൽ കാണാനാവുന്നത്.ചെറിയ തുടക്കത്തിലൂടെ വലിയ പ്രതിഭകളെ വളർത്തിയെടുക്കുവാൻ,നാളത്തെ കലാകാരന്മാരെ രൂപപ്പെടുത്തുവാൻ ഈ സംരംഭത്തിലൂടെ സാധിക്കട്ടെ.

സ്നേഹപൂർവ്വം നിങ്ങളുടെ മാനേജർ

റവ. ഫാ.കുര്യൻ കോട്ടയിൽ





# ആശംസ

ബാലമനസ്സുകളിൽ നിറഞ്ഞു നിൽക്കുന്ന ആശയങ്ങളേയും ചിന്തകളേയും വികസിച്ചുവരുന്ന മാധ്യമങ്ങളിലൂടെ അരുണോദയം എന്ന പേരിൽ പുറത്തുവരുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.കുട്ടികളുടെ കാലികമായ വികാരവിചാരങ്ങളേയും ,ചിന്താധാരകളേയും വ്യക്തമായി മനസ്സിലാക്കുവാൻ ഈ മാസികയിലൂടെ കടന്നുപോകുമ്പോൾ സാധിക്കുന്നുണ്ട്.പഠനത്തോടൊപ്പമുള്ള ഇത്തരം പാഠ്യേതരപ്രവർത്തനങ്ങൾ ഓരോ കുട്ടികളുടേയും മനസ്സിന് ഉണർവ്വും ഉന്മേഷവും നല്കുന്നതും,കൂടുതൽ പ്രവർത്തനനിരതമാക്കുന്നതുമാണ്.ഈ ഡിജിറ്റൽ മാഗസിനെ ഒരു നവോഢയെപ്പോലെ അണിയിച്ചൊരുക്കിയ ലിറ്റിൽ കൈറ്റ്സിലെ എല്ലാ കുട്ടികളേയും അദ്ധ്യാപകരേയും ഞാൻ അഭിനന്ദിക്കുന്നു,എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

ശ്രീ ബേബി മൈക്കിൾ

ഹെഡ്മാസ്റ്റർ



# എന്റെ മുല്ല ( കവിത)



അനോട്ട് (9B)

രാവിലെ പൂത്തൊരു മുല്ലേ നീ
നിന്നുടെ ഗന്ധം എന്തു സുഗന്ധം
നിന്നുടെ ഗന്ധം മനസ്സിനാനന്ദം
നിനക്കീ ഗന്ധം എവിടുന്നു കിട്ടീ
ഇളം കാറ്റിൽ നിന്നോ പൂന്തേനിൽ നിന്നോ
കുട്ടിയായ ഞാൻ നിന്നെ കോർക്കുന്നു
എന്നിട്ട് നിനക്ക് നോവുന്നോ?
ഇനി ഞാനൊരിക്കലും നോവിക്കുകയില്ല
രാവിലെ പൂത്തൊരു മുല്ലേ നീ
രാവിലെ എങ്ങനെ ഉണർന്നൂ നീ
പൂങ്കാറ്റാടി രസിച്ചോ നീ
പൂക്കളോടൊത്തു കളിച്ചോ നീ
വണ്ടത്താന് നീ തേൻ കൊടുക്കുമോ?
രാവിലെ കാപ്പി കുടിച്ചോ നീ
രാവിലെ ഉണരാൻ നിനക്ക് ക്ലോക്കുണ്ടോ?
വെട്ടം കാണാൻ കരണ്ടുണ്ടോ?
രാവിലെ പൂത്തൊരു കൊച്ചു മുല്ലേ
സ്കൂളിൽ പോകുമോ കൊച്ചുമുല്ലേ
കൊച്ചു കൊച്ചു കൊച്ചു മുല്ലേ
നിന്നുടെ പൂവ് ഞാൻ പറിക്കില്ല
നിന്നോടിനി ദയ കാണിക്കും ഞാൻ.



# കൊല്ലക്കാരൻ ചെല്ലപ്പൻ ( കവിത)



അർജ്ജുൻ (9B)

ചട്ടീം കലവും വിറ്റു നടക്കും
കൊല്ലക്കാരൻ ചെല്ലപ്പൻ
വല്ലപ്പോഴും കള്ളുകുടിച്ചാൽ
പൊല്ലാപ്പാണേ പൊല്ലാപ്പ്

ജനുവരി ഒന്നിന് പുതുവർഷത്തിൽ
പുത്തൻ പുലരിയുണർന്നപ്പോൾ
ചട്ടീം കലവും കുട്ടയിലാക്കി
കൊട്ടാരക്കരയെത്തിപ്പോയ്

ചൂടപ്പം പോൽ വിറ്റവയെല്ലാം
കിട്ടിയിരട്ടി പണവും കയ്യിൽ
ചട്ടികൾ വിറ്റൊരു സന്തോഷത്തിൽ
തൊടിയിൽ കണ്ടൊരു തെങ്ങിൽ കേറി

ചെത്തിയ കള്ളു ചട്ടിയിലാക്കി
കെട്ടിയിറക്കി ചെല്ലപ്പൻ
പള്ള നിറഞ്ഞു തുളുമ്പും വരെയും
കള്ളു കുടിച്ചിട്ടുടനെ പുത്തൻ

ചട്ടീം കലവും കുട്ടയിലാക്കി
കവലയിലെത്തിയ ചെല്ലപ്പൻ
തൊട്ടരികത്തായ് നിന്നൊരു പട്ടിയെ
മുട്ടു മടക്കിയടിച്ചപ്പോൾ

ചട്ടീം കലവും തറപറ്റി
പൊട്ടിച്ചിതറി നടുറോഡിൽ
ചട്ടികൾ പൊട്ടിയ ദുഃഖം തീർക്കാൻ
പട്ട കുടിച്ചു ചെല്ലപ്പൻ

പട്ടക്കടയിലിരുന്നവരോടും
തട്ടിക്കയറി ചെല്ലപ്പൻ
തട്ടാൻ കുട്ടൻ തട്ടുകൊടുത്തു
കുഞ്ഞൻ പിള്ള ചവിട്ടു കൊടുത്തു.

ഷാപ്പിലിരുന്നവർ ചെല്ലപ്പനെയൊരു
സൂപ്പിനു പറ്റിയ പരുവമതാക്കി
ഇടിയും അടിയും കൊണ്ടിട്ടൊടുവിൽ
കുടിലിൽ എത്തിയ ചെല്ലപ്പൻ

അരിയും ചോറും കറിയുമിരിക്കും
ചട്ടീം കലവും തട്ടിയുടച്ചു.



# കൊറോണ വാക്സിൻ (ചെറുകഥ)

കിഴക്കൻ ചക്രവാളത്തിൽ വെള്ള കീറി. ഈ മഴയുള്ള വെളുപ്പാൻ കാലത്ത് മൂടി പുതച്ചു കിടക്കാൻ എന്തൊരു സുഖം.ഈ കൊറോണാക്കാലം അവസാനിക്കാതിരുന്നാൽ മതിയായിരുന്നു.അപ്പു വിചാരിച്ചു. എങ്കിലും പെട്ടെന്നുതന്നെ അവന്റെ കുഞ്ഞുമനസ്സിലെ നന്മയുണർന്നു.ഈ പിഞ്ചു മനസ്സ് അറിയാതെ പറഞ്ഞതാണേ,ക്ഷമിച്ചേക്കണേ.അവൻ സ്വയം ആശ്വസിച്ചു.ആ കിടന്ന കിടപ്പിൽ അവന്റെ മനസ്സ് സ്വപ്നത്തിലേയ്ക്കാണ്ടു പോയി. ഇപ്പോൾ അവൻ രണ്ടു വെള്ളക്കുതിരകൾ വലിക്കുന്ന മനോഹരമായ വണ്ടിയിലാണ്.

തന്റെ കൂടെ ശുഭ്രവസ്ത്രധാരിയായ ഒരു മാലാഖ.തന്നെയുമായി എങ്ങോട്ടാണ് പോകുന്നത് എന്ന് അവൻ മാലാഖായോട് ചോദിച്ചു.അവന് മറുപടിയൊന്നും ലഭിച്ചില്ല.കുതിരവണ്ടി അതിവേഗം പായുകയാണ്.കുറെ നേരത്തെ യാത്രക്കു ശേഷം ഒടുവിൽ അവരൊരു ചില്ലുകൊട്ടാരത്തിൽ എത്തി.'എന്താണിവിടെ'? അവൻ മാലാഖായോട് ചോദിച്ചു.മാലാഖ അവനെയും കയ്യിൽ പിടിച്ച് വണ്ടിയിൽ നിന്നിറങ്ങി.അവർ ആ ചില്ലുകൊട്ടാരത്തിനുള്ളിൽ പ്രവേശിച്ചു. എന്തോ പരീക്ഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കുറെ ആളുകൾ.അവർ പരസ്പരം സംസാരിക്കുന്നില്ല. മുഖഭാവത്തിൽ നിന്നു തന്നെ അവരുടെ പ്രവൃത്തിയുടെ ഗൗരവം മനസ്സിലാകും.അല്പ സമയത്തിനുശേഷം അവരി ലൊരാൾ ഒരു പെട്ടിയിൽ നിന്ന് കുറെ കുപ്പികൾ കൊണ്ടുവന്ന് മാലാഖായെ ഏല്പിച്ചു.'എന്താണിത്?' ഞാൻ ചോദിച്ചു. 'കൊറോണായ്ക്കുള്ള മരുന്ന് എന്താ വിശ്വാസം വരുന്നില്ലേ'? മാലാഖ ചോദിച്ചു.അപ്പുവിന് സന്തോഷം അടക്കാനായില്ല.അവൻ തുള്ളിച്ചാടി.

കൊറോണായ്ക്ക് മരുന്ന് കണ്ടുപിടിച്ചേ....... കണ്ടുപിടിച്ചേ..... അവൻ ചാടിയെഴുന്നേറ്റു.അപ്പോളാണ് അതൊരു സ്വപ്നമായിരുന്നു എന്ന് അവന് മനസ്സിലായത്.അപ്പു നിരാശനായി.എന്റെ സ്വപ്നം ഒന്നു ഫലിച്ചിരുന്നുവെങ്കിൽ.......തലയിൽ കൈ വച്ചു കൊണ്ട് അവൻ കിടക്കയിലേയ്ക്കു തന്നെ ചാഞ്ഞു.

**അൽനാ സാജു (9A)**



# തത്തമ്മയോട്

അത്തിമരത്തിൻ പൊത്തിലിരിക്കും
തത്തമ്മേ നീ വന്നാട്ടെ
മൂത്തു പഴുത്തൊരത്തിപ്പഴമൊ -
ന്നെനിക്കു കൊണ്ടേത്തന്നാട്ടെ.
ഇത്തിരി നേരം നീയെന്നരുകിൽ
നൃത്തം വച്ചു കളിച്ചാട്ടെ



ജോപ്പു ജോസഫ് (8A)





## ഒരു പള്ളിപ്പെരുന്നാൾ (ചെറുകഥ)

ഒരു കുട്ടിയുണ്ടായിരുന്നു.ആ കുട്ടിയുടെ അച്ഛൻ ഒരു കൂലി പണിക്കാരൻ ആയിരുന്നു.ചെറുപ്രായത്തിൽത്തന്നെ അവന്റെ അമ്മ മരിച്ചുപോയതു കൊണ്ട് അവന്റെ അച്ഛനായിരുന്നു അവന്റെ എല്ലാ കാര്യങ്ങളും ചെയ്തിരുന്നത്.ഒരിക്കൽ അവന്റെ അച്ഛൻ അവനെ പള്ളിപ്പെരുന്നാളിന് കൊണ്ടു പോയി.അവൻ ആദ്യമായിട്ടാണ് ഒരു പള്ളിയിൽ പോകുന്നത്. അതിനാൽ കുറെയധികം കുട്ടികളെയും പല തരത്തിലുള്ള സാധനങ്ങളെയും കണ്ടു.അവൻ ആശ്ചര്യപ്പെട്ടു പോയി. അതിന്റെ ഓർമ്മയിൽ ലയിച്ചു പോയി.

എനിക്ക് കളിപ്പാട്ടം വേണം' എന്ന് പറഞ്ഞ് അവൻ തന്റെ അച്ഛനോട് വാശി പിടിച്ചു.'അത് മേടിച്ചു തരില്ലാ' എന്ന് അച്ഛനും പറഞ്ഞു.അവൻ പിന്നെയും വാശി പിടിച്ചു.
കിട്ടില്ല എന്ന് കണ്ടതിനാൽ സങ്കടത്തോടെ അവിടെ നിന്ന് ഓടിക്കളഞ്ഞു.തിരക്കായതിനാൽ അവനെ കാണാതായി. പള്ളിയിലച്ചൻ അവനെ കണ്ടു.'എന്താ മോനെ നിനക്ക് പറ്റിയത്''? എന്ന് അന്വേഷിച്ചു. കുട്ടി അച്ചനോട് കാര്യങ്ങൾ എല്ലാം പറഞ്ഞു.'എന്റെ അച്ഛനെ കണ്ടെത്താൻ സാധിക്കുന്നില്ല 'എന്ന് കുട്ടി സങ്കടത്തോടെ പറഞ്ഞു.'നമുക്ക് ഒരുമിച്ച് അച്ഛനെ അന്വേഷിക്കാം' എന്ന് പറഞ്ഞ് ആശ്വസിപ്പിച്ച് അച്ചൻ അവനെ പള്ളിമുറിയിലേയ്ക്ക് കൊണ്ടു പോയി. 'നീ ഈ മുറിയിൽ തൽക്കാലം കിടന്നോ'ക്ഷീണം ഉണ്ടായിരുന്നതിനാൽ പെട്ടെന്ന് തന്നെ ഉറങ്ങി.നേരം വെളുത്തു.അവർ അച്ചനെ തേടി അവസാനം കണ്ടെത്തി.അവർ ഒന്നിച്ച് വീട്ടിലേയ്ക്ക് പോകുന്ന രംഗം അച്ചൻ നോക്കിനിന്നു.

( തുടരും.)



ആരോൺ

# പൂവിനോട് ( കവിത)

കുട്ടി: എന്നുടെ റോസപ്പൂവേ
എനിക്കൊരു റോസപ്പൂ തരുമോ നീ?
റോസ: ഞാൻ തരില്ല ഞാൻ തരില്ല
കുട്ടി: എന്നുടെ മുല്ലേ
എനിക്കൊരു മുല്ലപ്പൂ തരുമോ നീ?
മുല്ല: ഞാൻ തരില്ല ഞാൻ തരില്ല
കുട്ടി: എന്നുടെ താമരേ
എനിക്കൊരു താമരപ്പൂ തരുമോ നീ?
താമര: ഞാൻ തരില്ല ഞാൻ തരില്ല
കുട്ടി: എന്നുടെ പത്തുമണിച്ചെടിയേ
എനിക്കൊരു പത്തുമണിപ്പൂ തരുമോ
നീ?
പത്തുമണി: ഞാൻ തരില്ല ഞാൻ തരില്ല
കുട്ടി: എന്നുടെ ചെത്തിപ്പൂവേ
എനിക്കൊരു ചെത്തിപ്പൂ തരുമോ നീ?
ചെത്തി :ഞാൻ തരില്ല ഞാൻ തരില്ല
കുട്ടി: എന്നുടെ പട്ടത്തിപ്പൂവേ
എന്നുടെ പട്ടത്തിപ്പൂ തരുമോ നീ?
പട്ടത്തി: ഞാൻ തരില്ല ഞാൻ തരില്ല
കുട്ടി: എന്നുടെ ജമന്തിപ്പൂവേ
എനിക്കൊരു ജമന്തിപ്പൂ തരുമോ നീ?

ജമന്തി: ഞാൻ തരില്ല ഞാൻ തരില്ല

കുട്ടി: എന്നുടെ ബന്തിപ്പൂവേ

എനിക്കൊരു ബന്തിപ്പൂ തരുമോ നീ?

ബന്തി: ഞാൻ തരാമല്ലോ,ഞാൻ തരാമല്ലോ

ചാർളി തമ്പി(9B)









## ഭക്ഷണത്തിന് യുദ്ധം (ചെറുകഥ)

ഒരു കാട്ടിൽ രണ്ട് മയിൽ സഹോദരന്മാർ ഉണ്ടായിരുന്നു. മൂത്തവൻ ഇളയവനോട്

എപ്പോഴും വഴക്കുണ്ടാക്കുമായിരുന്നു. പക്ഷേ, ഇളയവൻ മൂത്തവനെ

അനുസരിക്കുകയും വഴക്കുണ്ടാക്കാതിരിക്കുകയും ചെയ്യും. ഒരു ദിവസം അവർ

ആഹാരം തേടി കാട്ടിൽ വന്നു.അപ്പോൾ അവർ കുറച്ച് ഗോതമ്പ് ധാന്യങ്ങൾ കണ്ടു.

അവർക്ക് സന്തോഷമായി. മൂത്തവൻ ഇളയവനോട്

അതെല്ലാം പെറുക്കാൻ പറഞ്ഞു.ഇളയവൻ അതെല്ലാം പെറുക്കി വീട്ടിൽ

കൊണ്ടുവന്നു. ഇളയവനോട് അതെല്ലാം വറക്കാൻ പറഞ്ഞ് മൂത്തവൻ ബാക്കി

പെറുക്കാൻ പോയി. തിരിച്ചുവന്ന് മൂത്തവൻ ഇളയവനോട് ചോദിച്ചു,നീ ഇത്

മോഷ്ടിച്ച് കഴിച്ചോ? ഇളയവൻ ഇല്ല എന്ന് പറഞ്ഞു. സംശയം തോന്നിയ

മൂത്തവൻ വറുത്ത ഗോതമ്പ് അളന്നു നോക്കി. അളവ് കുറഞ്ഞു പോയി എന്ന്

കണ്ട് മൂത്തവൻ തന്റെ ഇളയ സഹോദരനെ കൊത്തി കൊത്തി കൊന്നു.

ദിവസങ്ങൾ കടന്നുപോയി. മൂത്തവനായ മയിൽ ബാക്കിയുള്ള ഗോതമ്പ് വറുത്തു.

എന്നിട്ട് അളന്നു നോക്കി.അളവിന് വ്യത്യാസം വന്നതായി മനസ്സിലാക്കി.

അപ്പോൾ അവന് മനസ്സിലായി,തന്റെ സഹോദരൻ തെറ്റ് ഒന്നും ചെയ്തില്ല

എന്ന്. അവന് കുറ്റബോധവും സങ്കടവും ഉണ്ടായി.



ആദിദേവ് ഇ.കെ



# വായനയുടെ പ്രസക്തി

( ലേഖനം )

അലൻ റോബി

വായിച്ചാൽ വളരും,വായിച്ചില്ലെങ്കിൽ വളയും എന്ന് നാം കേട്ടിട്ടുണ്ടല്ലോ.വായന ഒരു ശീലമാക്കുക. അറിവാണ് എല്ലാം.പണ്ടു കാലത്ത് കുട്ടികൾ അറിവിന്റെ നിറകുടങ്ങൾ ആയിരുന്നു.അറിവ് നമ്മെ നശിപ്പിക്കുകയില്ല.ഇന്നത്തെ ജനറേഷൻ സ്മാർട്ട് ഫോണിനും ലഹരിവസ്തുക്കളിലും അടിമയായി ജീവിതം നശിപ്പിക്കുന്ന കാഴ്ച നാം കാണുകയും കേൾക്കുകയും ചെയ്യുന്നു.

കുട്ടികൾ പഠനത്തിന് മാത്രം പ്രസക്തി നൽകുക.മനസ്സുവെച്ചാൽ അറിവിന്റെ ലോകം നമുക്ക് സൃഷ്ടിക്കാനാവും.ഈ ലോകത്ത് വായന എന്ന ശീലം ഇല്ലായിരുന്നെങ്കിൽ നല്ല കലാകാരന്മാരെ കാണില്ലായിരുന്നു.നമ്മുടെ നാട്ടിൽ ലൈബ്രറികളുടെ എണ്ണം കൂടുന്നു.പക്ഷേ,വായനക്കാരുടെ എണ്ണം കുറയുന്നു.വായനയിലൂടെ വരും തലമുറകളെ വാർത്തെടുക്കാം.ഈ തലമുറയ്ക്ക് ആവശ്യം വായനാശീലമുള്ള കുട്ടികളെയാണ്.

നമുക്ക് വായന ഒരു ലഹരി ആക്കാം.പത്രമാസികകൾ വായിച്ചാൽ കൂടുതൽ അറിവും മറ്റ് വിവരങ്ങളും ലഭിക്കും.വായന ശീലമാക്കിയാൽ കഥകളും കവിതകളും ലേഖനങ്ങളും എഴുതാൻ സാധിക്കും.



# സന്ധ്യ (കവിത)

സന്ധ്യാനേരം വന്നു വന്നു
പക്ഷികളെല്ലാം കലപില കൂട്ടുന്നു
അണ്ണാറക്കണ്ണൻ കൊമ്പു കുലുക്കി
ചില്ലകൾ ചാടി പാടുന്നു.
മരങ്ങൾ കണ്ണീർ പൊഴിക്കുന്നു
വൃക്ഷശിഖരങ്ങൾ തലയാട്ടി നിൽക്കുന്നു
കുയിലമ്മ പാടുന്നു ഏതോ മൂകമാം
ശോകഗാനത്തിൻ ഈരടികൾ
കാറ്റ് എല്ലാറ്റിനേയും തഴുകി തലോടുന്നു
മേഘങ്ങൾ ഗർജ്ജിക്കുന്നു
മഴക്കാറുകളേറുകയായി
മയിൽ നൃത്തമാടുന്നു
സന്ധ്യാനേരം വന്നു വന്നു
വീടുകളിൽ വെളിച്ചം തെളിയുന്നു
മണിനാദമുയർന്നു ദേവാലയമതിൽ
വീടുകളിൽ പ്രാർത്ഥനാനാദങ്ങളും
രാപ്പാടികൾ കലപില കൂട്ടുന്നു
മഞ്ഞ് മലകളിൽ പെയ്തിടുന്നു
മൂങ്ങായുടെ നാദവും പുള്ളിൻ കരച്ചിലും
സന്ധ്യാ നേരമായ് കൂട്ടരേ
**ആകെയൊരു സന്ധ്യാനേരം.**



അദ്വൈഥ് 8A

# സ്വതന്ത്ര ഭാരതം ( കവിത )


സ്വതന്ത്ര ഭാരതം
സ്വതന്ത്ര ഭാരതം
നാനാ മതസ്ഥർ വസിക്കുന്നയെൻ ഭാരതം
നാനാ കലകൾ നിറഞ്ഞയെൻ ഭാരതം
നാനാ വേഷഭൂഷാദികൾ നിറഞ്ഞ ഭാരതം
നാനാ സസ്യങ്ങൾ നിറഞ്ഞയെൻ ഭാരതം.
പ്രകൃതി സൗന്ദര്യം നിറഞ്ഞ ഭാരതം
നാനാ വീരപുരുഷന്മാർ നിറഞ്ഞ ഭാരതം.
നാനാ സംസ്ഥാനങ്ങൾ നിറഞ്ഞ ഭാരതം
സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയ നേതാക്കൾ
നമ്മുടെ ഭാരതത്തിനു വേണ്ടി പൊരുതിയ
യോദ്ധാക്കൾ.
നാനാ നദികൾ ഒഴുകിടുന്നെൻ രാജ്യം
നാനാ ദേവാലയങ്ങൾ നിറഞ്ഞ ഒരു രാജ്യം.
നാനാ ഭാഷകൾ നിറഞ്ഞ ഭാരതം
വീരപുരാതനസംസ്കാരം നിറഞ്ഞ രാജ്യം
സുന്ദരമായ രാജ്യം,സ്വതന്ത്ര ഭാരതം.


റിച്ചു ജോബി(10A)













# ചിതറിയ ചിന്തകൾ

കണക്കു പുസ്തകത്തിന്റെ ഒഴിഞ്ഞ കോണിൽ ഉത്തരം കിട്ടാത്ത ഒരു കണക്ക് കുഴഞ്ഞ് മറിഞ്ഞ് കിടക്കുന്നു. കീറാമുട്ടിയാണ്.

ഉത്തരക്കടലാസ്സിൽ ചുവന്ന വരയ്ക്ക് കോറിയ എഴുതി തീർക്കാത്ത ഒരുപാട് കണക്കുകൾ.

പലചരക്കുകടയിലെ പറ്റുബുക്കിൽ കടം

എന്നെഴുതിയ കൊടുത്തു തീർക്കാത്ത കണക്ക്.

വീടിന്റെ മൂലയിൽ ഉയരുന്നു കണക്കു പിഴച്ചതിൻ പൊല്ലാപ്പുകൾ....

ചേട്ടന്റെ ബുക്കിൻ താളിലും വെട്ടി തിരുത്തിയ ഒരു പാട് കണക്കുകൾ.

ജീവിതത്തിന്റെ കണക്കു പുസ്തകത്തിലും സൊല്യൂഷനില്ലാത്ത പ്രശ്നങ്ങൾ.

ദൈവത്തിനും ഒരു കണക്കു പുസ്തകം ഉണ്ട്.

ജീവിതത്തിന്റെ കണക്കുകൾ മാത്രം തിരുത്തി എഴുതാൻ പറ്റുന്നില്ല.

മാർക്കും ഗ്രേഡും ഇല്ലാതെ തെറ്റികിടക്കുന്ന കണക്കുകൾക്ക് ചുറ്റും കണക്ക് അറിയാൻ പാടില്ലാത്ത ഞാൻ മാത്രം-

തെറ്റിയ കണക്കുകൾ കൂട്ടിക്കിഴിക്കുന്നു,ഒരിക്കലും ശരിയാവില്ല എന്നറിയാമായിരുന്നിട്ടും

റിയാ ബിൻസു




കൗതുക വാർത്തകൾ

ചെറിയ ഉള്ളി കൃഷിക്ക് ആളെ വേണം....
തെക്കൻകൊറിയ ചേനത്തടത്തിൽ ഉള്ളി നടാൻ താല്പര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ ഉള്ളി പറിക്കുമ്പോൾ കരയാത്തവർ ആയിരിക്കണം.കൃഷി നഷ്ടത്തിൽ ആയിട്ടും ഇതു വരെ കരഞ്ഞിട്ടില്ല എന്ന അയൽവാസിയുടെ സാക്ഷ്യപത്രം ഹാജരാക്കണം.തെരഞ്ഞെടുക്കപ്പെട്ടാൽ ഒരു ലക്ഷം രൂപ മാസം ലഭിക്കും. കൂടാതെ ശമ്പളം കിട്ടാൻ താമസവും പണം കൊടുത്താൽ ഭക്ഷണവും സൗജന്യം.



തയ്യാറാക്കിയത്

എസ്ഥർ മരിയ( 9B)





# ശാസ്ത്ര ക്വിസ്സ്

1.ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ പ്ലാന്റ് എവിടെ സ്ഥിതി ചെയ്യുന്നു?

2. നെഫോളജി എന്തിനെക്കുറിച്ചുള്ള പഠനമാണ്?

3. ലോകത്തിലെ ഏറ്റവും ആഴം കൂടിയ നദിഏതാണ്?

4. നവരത്നങ്ങളിൽ വിനാഗിരിയിൽ ലയിക്കുന്ന രത്നം ഏതാണ്?

5. കേരളത്തിലെ ആദ്യ ഇ-പേയ്മെന്റ് പഞ്ചായത്ത് ഏത്?

6. ഭൂമിയുടെ ഉപരിതലത്തിൽ ഏറ്റവും കൂടുതൽ കാണുന്ന ലോഹമൂലകം ഏത്?

ഉത്തരങ്ങൾ

1.ധുദ്സർ
2.മേഘങ്ങൾ
3.യാങ്റ്റ്സി
4.പവിഴം
5.മഞ്ചേശ്വരം
6.അലുമിനിയം



തയ്യാറാക്കിയത്

നന്ദിക അരുൺ

# നാടകത്തിൽ പങ്കു ചേർന്നപ്പോൾ

സ്കൂൾ വാർഷികത്തിൽ നാടകത്തിൽ പങ്കു ചേരാൻ ലഭിച്ച അവസരം ഒത്തിരി സന്തോഷമായി.ഇത്രയും നന്നായി കളിക്കാൻ പറ്റുമെന്ന് ഞാൻ ഓർത്തില്ല.

ഡയറി കുറിപ്പ് - റിച്ചു ജോബി





## കടംകഥകൾ

1. അകം എല്ലം തോലും, പുറം പൊന്തം പൊന്തം
2. അകത്തിരിപ്പോനെ പുറത്തു കാട്ടും കണ്ണാടി
3. അകത്തേക്ക പോകുമ്പോൾ പച്ച, പുറത്തേക്ക വരുമ്പോൾ ചുവപ്പ്
4. അകന്നു നിന്ന് നോക്കി കാണും, കണ്ടതെല്ലാം ഉള്ളിലാക്കും.
5. അകത്തു രോമം, പുറത്തിറച്ചി
6. അകത്തു തിരിയിട്ടു, പുറത്ത് മുട്ടയിട്ടു.
7. അകമില്ലാ പുറമില്ല,ഞെട്ടില്ലാ വട്ടയില
8. അക്കരെ നിൽക്കും കൊമ്പൻകാളയ്ക്ക് അറുപത്തിനാലു മുടിക്കയറ്
9. അക്കരെ നിൽക്കും കൊക്കമ്പി, ഇക്കരെ നിൽക്കും കൊക്കമ്പി,കടലിൽച്ചാട്ടും കൊക്കമ്പി
10. അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി
11.അങ്ങോട്ടും ഇങ്ങോട്ടും സംബന്ധം.ഈ വീട്ടമ്മയ്ക്ക് നിർബന്ധം
12. അങ്ങോട്ടോടും ഇങ്ങോട്ടോടും, നേരെ നിന്ന് സത്യം പറയും.
13. അങ്ങേലെ മുത്തീം മുക്കിലിരിക്കും,ഇങ്ങേലെ മുത്തീം മുക്കിലിരിക്കും.
14. അച്ഛൻ മുള്ളൻ,അമ്മ മിനുമിനു , മകൾ മണിമണി.
15. അക്കരെ വെടി പൊട്ടുമ്പോൾ ഇക്കരെ കുട വിരിയുന്നു.

## ഉത്തരങ്ങൾ

**1.വൈക്കോൽത്തുറു 2.മുഖം 3.വെറ്റില മുറുക്ക് 4.ക്യാമറ 5. മൂക്ക് 6 .കുരുമുളക്**
**7. പപ്പടം 8. കുമ്പളവള്ളി 9. സൂര്യൻ 10. മുളയുടെ തലപ്പ് 11. വാതിലിന്റെ സാക്ഷ 12. ത്രാസ്സ് 13. ചൂല് 14. ചക്ക 15. ഇടിവെട്ടി കൂൺ മുളയ്ക്കുക**

തയ്യാറാക്കിയത്

അനീറ്റാ സുനിൽ( 9A)



മാനത്തൂർ ഹൈസ്കൂളിൽ 2022-25 ബാച്ചിലെ കുട്ടികൾക്കായി ക്യാമ്പ് നടത്തപ്പെട്ടു.ജീന C.കണ്ടത്തിൽ ആണ് ക്യാമ്പുകൾക്ക് നേതൃത്വം നൽകിയത്. കുട്ടികൾക്ക് ധാരാളം അറിവുകൾ ലഭിക്കാൻ ക്യാമ്പിലെ പ്രവർത്തനങ്ങൾ വഴി സാധിച്ചു.



# അനൂപ് സാറിന്റെ ക്ലാസ്സുകൾ







# ഊടും പാവും ( കവിത)

മനസ്സിൽ ഒരായിരം ചിലന്തിവലകൾ കെട്ടുപിണഞ്ഞു കിടക്കുന്നു.

കെണികൾ നിറഞ്ഞ വലക്കണ്ണികളിൽ വീണെന്റെ ഓർമ്മകൾ നിലവിളിക്കുന്നു.

മറവിയുടെ ഗർഭപാത്രത്തിലേയ്ക്ക് അവ മറയുന്നു.

ഓർമ്മകൾക്ക് മരണമില്ലേ? മറവിയുടെ കല്ലറകൾ എന്റെ ഓർമ്മയ്ക്ക് മഞ്ചമൊരുക്കുന്നില്ല.

എത്ര ഇരുളിൽ കുഴിച്ചുമൂടിയാലും അവ വീണ്ടും വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നു.

മറക്കാൻ കഴിയാത്ത ഓർമ്മകൾ, മറവി നെയ്ത ചിലന്തിവലയിൽ

കാൽ ഉടക്കിയിട്ടും അന്ത്യം സംഭവിക്കാത്ത ഓർമ്മകൾ.

എന്റെ ഓർമ്മകളെ സംസ്കരിക്കാൻ എനിക്കൊരു ചിതയൊരുക്കി തരൂ.......

ഉറക്കമില്ലാത്ത രാത്രികളിൽ സർപ്പഗന്ധിയുടെ

സുഗന്ധവുമായി എത്തുന്ന ഓർമ്മകൾക്കായി ഒരു പട്ടട ഒരുക്കിത്തരൂ....

മറ്റൊന്നിനും വേണ്ടിയല്ല എനിക്കൊന്നുറങ്ങാനായാണ്......

ഒന്നുങ്ങാൻ വേണ്ടി മാത്രം.

തയ്യാറാക്കിയത്



**അനീറ്റാ സുനിൽ**

അധ്യാപകരുടെ സഹായത്തോടെ സ്കൂളിൽ പച്ചക്കറികൾ ഗ്രോബാഗിൽ കൃഷി ചെയ്യുന്നു. സയൻസ് ക്ലബ്,ടീൻസ് ക്ലബ് അംഗങ്ങൾ ആണ് ഇതിന് നേതൃത്വം നൽകുന്നത്.







# ബോധവൽക്കരണ ക്ലാസ്സുകൾ

**Daily Malayali ചാനൽകാരുടെ സഹായത്തോടെ കുട്ടികൾക്ക് ലഹരി ഉപയോഗത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നടത്തപ്പെട്ടു. മാതാപിതാക്കളും കുട്ടികളും ക്ലാസ്സിൽ പങ്കെടുത്തു.**








# മാതൃസ്നേഹം ( കവിത)

ആൽബർട്ട് രഞ്ചിത്ത്

ആദ്യമായി വാക്കുകൾ നാവിൽ വിരിയിച്ച
ആദ്യമായി പാട്ടുകൾ പാടി പഠിപ്പിച്ച
ആദ്യമായക്ഷരം കയ്യിൽ പിടിപ്പിച്ച
വിദ്യാദേവിയായ് മാറുന്ന തായ

തേടുവിൻ സ്നേഹപ്രതീകങ്ങളേ നിങ്ങൾ
ലോകചരിതത്തിലെങ്ങുമെങ്ങും
വാത്സല്യഭാജനപൊന്നോമനകളെ
താരാട്ടു പാടുന്നവരെ കാണുവിൻ

ഹാ നിത്യം പുലരുമ്പോൾ നമുക്കായ് പൊഴിയുന്ന
ത്യാഗങ്ങളെത്ര അനന്തമത്രേ
ഉദരത്തിൽ പേറി മൂന്നു ശതം ദിനം
സ്നേഹിച്ചോമനിച്ചതെത്ര നാളോ

ജീവിത പാതയിൽ പാകിയ സ്നേഹം
നമ്മെ വളർത്തിയതെത്തു മാത്രം
എന്തതി വിസ്മയം - തായ തൻ സ്നേഹം
നമ്മെ വളർത്തിയൊരമ്മ തൻ ത്യാഗം.

എന്നാൽ കാലം മുന്നോട്ടു നീങ്ങുന്നു
മാതൃസ്നേഹമോ പിന്നോട്ടു തന്നെ
പെറ്റുവളർത്തിയൊരമ്മയെ തള്ളാൻ
വൃദ്ധസദനങ്ങൾ തേടുന്നോർ മർത്യർ



# കായിക രംഗം







# രാജ്യപുരസ്കാർ അവാർഡിന് അർഹരായവർ



# അഭിമാനാർഹമായ നേട്ടം




## വിവിധങ്ങളായ പാറ്റേണുകൾ

## ജോപ്പു വരച്ചത്








# കുഞ്ഞേ നിനക്കായി........

വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെക്കുറിച്ച് മാതാപിതാക്കൾ , കുട്ടികൾ എന്നിവർക്ക് ക്ലാസ്സുകൾ എടുക്കുന്നതിനായി പ്രശാന്ത് സാർ ഞങ്ങളുടെ സ്കൂളിൽ വന്നു. ധാരാളം മാതാപിതാക്കൾ ഈ ക്ലാസിൽ സംബന്ധിച്ചു.

ക്ലാസ്സ് ലീഡർ – അൽനാ സാജു













# കൊതിയൂറും വിഭവങ്ങൾ

ഞങ്ങളുടെ അദ്ധ്യാപകർ ആണ് ഞങ്ങൾക്ക് ഭക്ഷണം വിളമ്പി തരുന്നത്. ചിക്കൻ കൂട്ടി ചോറുണ്ണാൻ എന്റെ കൂട്ടുകാർക്കെല്ലാം ഇഷ്ടമാണ്.

**സയനോരാ ബിൻസ്**

















മാനത്തൂർ സ്കൂളിൽ റെഡ്ക്രോസ് ക്ലബ് രൂപീകരിച്ചു.വിവിധങ്ങളായ ക്ലാസ്സുകളും പരീക്ഷകളും നടത്തപ്പെടുന്നു.

# കുട്ടികൾ തങ്ങൾ വരച്ച ചിത്രങ്ങളുമായി














# പാടത്തേക്ക് ഒരു യാത്ര









സെന്റ് ജോസഫ്സ് മാനത്തൂർ സ്കൂളിൽ ഗപ്പി മീൻ വിതരണം ചെയ്യുകയുണ്ടായി.വാർഡ് മെമ്പർമാരും കുട്ടികളും മാതാപിതാക്കളും ഈ ചടങ്ങിൽ സന്നിഹിതരായിരുന്നു.



സ്കൂൾ വാർഷികം

സ്കൂൾ വാർഷികം രണ്ടു ദിവസമായാണ് നടത്തപ്പെട്ടത്.സ്കൂൾ മാനേജർ ഫാ.കുര്യൻ കോട്ടയിൽ അധ്യക്ഷനായിരുന്നു.വിവിധ സമ്മാനങ്ങൾ വിതരണം ചെയ്യപ്പെട്ടു.



# പൊതിച്ചോറ് വിതരണം

റെഡ്ക്രോസ് സംഘടനയുടെ ആഭിമുഖ്യത്തിൽ കുട്ടികളിൽ നിന്ന് ആഴ്ചയിൽ ഒരിക്കൽ പൊതിച്ചോറ് വിതരണം നടത്തപ്പെടുന്നു.



# കുട്ടികൾ വരച്ച ചിത്രങ്ങൾ





ഈ സ്കൂളിന്റെ ഒരു പ്രോജക്ട് പ്രവർത്തനം ആയിരുന്നു **പ്രതിഭകളെ ആദരിക്കൽ** എന്നത്. വിവിധ തുറകളിൽ മികവ് തെളിയിച്ച പ്രതിഭകളെ കണ്ടു സംസാരിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകി.









# ബോധവൽക്കരണ ക്ലാസ്സുകൾ –

കുട്ടികളായ ഞങ്ങൾക്ക് പഠന കാര്യങ്ങളിൽ വേണ്ട മാർഗ്ഗനിർദേശം നൽകുന്ന വിവിധ ക്ലാസ്സുകൾ നടത്തപ്പെട്ടു.









# സയൻസ് ശാസ്ത്ര മേളയുടെ ഭാഗമായി തയ്യാറാക്കിയ മാഗസിൻ സമ്മാനാർഹമായി.







# T.D Vaccination







# ഞങ്ങൾക്കായി നടത്തപ്പെട്ട ധ്യാനപരിപാടികൾ









## നന്ദിയുടെ ഒരു വാക്ക്

ഈ സ്കൂൾ വർഷത്തിൽ സ്കൂളിലെ വിവിധ പരിപാടികൾ ചേർത്ത് മാഗസിൻ തയ്യാറാക്കാൻ ആഗ്രഹിച്ചിരുന്നു.ലിറ്റിൽ കൈറ്റ് ക്ലബിന്റെ ഭാഗമായി സ്ക്രൈബസ് എന്ന സോഫ്റ്റ് വെയർ പരിചയപ്പെട്ടു. കുട്ടികളുടെ കുറച്ച് രചനകൾ ശേഖരിച്ചു.സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.ബേബി മൈക്കിൾ എല്ലാ പ്രോത്സാഹനവും തന്നതിന്റെ ഫലമായാണ് ഇത് പ്രസിദ്ധീകരിക്കാൻ സാധിച്ചത്.

